II ഇ.ബി. XIകേരള നിയമസഭ/IV12

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 2, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

84 (*290) മത്സ്യ സമ്പത്തിന്റെ ലഭ്യത ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതി

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ.കെ.വി. തോമസ്) നൽകിയ മറുപടിയിൽ, വർഷംതോറും വർദ്ധിച്ചുവരുന്ന മത്സ്യ സമ്പത്തിന്റെ ലഭ്യത ഉപയോഗപ്പെടുത്തി കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ള അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതാണെന്ന് സഭയെ അറിയിച്ചു. കേരളത്തിൽ 10.65 ലക്ഷം മത്സ്യത്തൊഴിലാളികളും 1.64 ലക്ഷം അനുബന്ധത്തൊഴിലാളികളും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിവരുന്നു. കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ എം.പി.ഇ.ഡി.എ.യും സംസ്ഥാന ഏജൻസിയായ അഡാക്കും മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകിച്ച് മത്സ്യ തൊഴിലാളി സ്ത്രീകൾക്ക് മത്സ്യവുമായി ബന്ധപ്പെട്ട് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. മത്സ്യ വികസനത്തിനുള്ള സംയോജിത മത്സ്യ വികസന പദ്ധതി
2. നാടൻ വഞ്ചികൾ നവീകരിക്കുന്നതിനുള്ള ധനസഹായം
3. ഇടത്തരം വള്ളങ്ങളുടെ അവതരണം
4. മത്സ്യബന്ധന വലകൾക്ക് അനുയോജ്യമായ ഘടകങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം
5. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പാ പദ്ധതി
6. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണം
7. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി
8. മത്സ്യഭവൻ സ്ഥാപിക്കൽ
9. തീരദേശ സാമൂഹ്യപരമായ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

10. നൈലോൺ നെറ്റ് ഫാക്ടറി
11. സംസ്കരണത്തിനു മുമ്പുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം
12. മണ്ണെണ്ണ വിതരണം
13. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള സ്വയം സഹായ പദ്ധതി
14. ഫിഷറീസ് സ്കൂളുകൾ
15. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
16. മുത്തുച്ചിപ്പി കൃഷിയും ഞണ്ടുവളർത്തലും
17. തൃശൂരിലെ കോൾ നിലങ്ങളിലെയും കുട്ടനാട്ടിലെ നെൽപ്പാടങ്ങളിലെയും സംയോജിത മത്സ്യക്കൃഷി
18. എറണാകുളത്തെ പൊക്കാളി നിലങ്ങളിൽ കൊഞ്ച് കൃഷി വികസിപ്പിക്കുന്നതിനുള്ള സംയോജിത പ്രോജക്ട്
19. തുറന്ന ജലാശയങ്ങളിലെ റാഞ്ചിംഗ്
20. കടൽ റാഞ്ചിംഗ്
21. ഗ്രൂപ്പ് ഇൻഷുറൻസ്
22. അപകട ചികിൽസാ ധനസഹായം
23. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം–ആശ്രിതർക്ക് ധനസഹായം
24. വിവാഹധനസഹായം
25. വാർദ്ധക്യകാല പെൻഷൻ
26. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം
27. അപകടം മൂലമുണ്ടാകുന്ന താല്ക്കാലിക അവശതയ്ക്ക് ധനസഹായം
28. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം
29. എസ്.എസ്.എൽ.സി.ക്ക് ക്യാഷ് അവാർഡ് – തുടർ വിദ്യാഭ്യാസത്തിന് ധനസഹായം
30. കുടുംബ സംവിധാന പദ്ധതി
31. മാരകരോഗ ചികിത്സാ പദ്ധതി
32. ചെയർമാൻസ് റിലീഫ് ഫണ്ട്
33. നേത്ര ജ്യോതി
34. പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായം
35. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
36. മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി
37. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പദ്ധതി
38. ശ്രേഷ്ഠ മത്സ്യത്തൊഴിലാളി പുരസ്കാരം
39. വിധവാ പെൻഷൻ
40. അംഗവൈകല്യമുള്ളവരും മാനസിക വളർച്ച ഇല്ലാത്തവരുമായ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ ചികിൽസയ്ക്ക് ധനസഹായം

മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കോസ്റ്റ് ഗാർഡുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്. കോസ്റ്റ്ഗാർഡിന്റെ രണ്ട് കപ്പലുകളും അതുമായി ബന്ധപ്പെട്ട ബോട്ടുകളും രണ്ടു ഡോണിയർ വിമാനങ്ങളും സംസ്ഥാന ഗവൺമെന്റിനെ സഹായിക്കുന്നുണ്ട്. കോസ്റ്റ്ഗാർഡിനെ ഒരു പ്രത്യേക നമ്പരിൽ വിളിച്ചാൽ അവർതന്നെ മുൻകൈയെടുത്ത് രക്ഷാപ്രവർത്തനം നടത്തും. കടൽ രക്ഷാബോട്ടുകളിൽ വയർലസ് കമ്മ്യൂണിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ വിദേശ രാജ്യങ്ങളിൽ അകപ്പെട്ടാൽ കേന്ദ്ര ഗവൺമെന്റിന്റെ വിദേശകാര്യ മന്ത്രാലയത്തെ അറിയിക്കാനുള്ള സംവിധാനമുണ്ട്. ഫിഷിംഗ് ഹാർബറുകളുടെ സമീപപ്രദേശങ്ങളിൽ ഐസ് പ്ലാന്റുകൾ സ്ഥാപിച്ച് സ്റ്റോറേജ് സംവിധാനമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരദേശങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സി.ആർ.ഇസഡ്

റൂളിൽ കേന്ദ്ര ഗവൺമെന്റ് ചില ഇളവുകൾ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് മത്സ്യത്തൊഴിലാളികൾക്ക് വീടു വയ്ക്കുന്നതിനുള്ള പൊസഷൻ സർട്ടിഫിക്കറ്റും മറ്റുസൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതാണ്. മൂന്നു സെന്റ് ഭൂമിയുള്ളവർക്ക് വീടു വയ്ക്കുന്നതിന് 40,000 രൂപ വരെ ഗ്രാന്റ് കൊടുക്കുന്നുണ്ട്. ഭൂമി ഇല്ലാത്തവർക്കുകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പഠിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു കൊടുക്കുന്ന ആനുകൂല്യങ്ങൾ മത്സ്യ അനുബന്ധ തൊഴിലാളികൾക്കും കൊടുക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കു കിട്ടുന്ന ആനുകൂല്യങ്ങൾ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെക്കുറിച്ച് ഒരു അവെയർനസ് കാമ്പയിൻ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യ വിപണനം നടത്തുന്ന പ്രൈമറി സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരി ക്കുകയാണ്. മത്സ്യഫെഡ്ഡിന്റെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടു പോകാത്ത സാഹചര്യത്തിൽ മത്സ്യഫെഡ് പിരിച്ചുവിടുകയും അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുകയും ചെയ്തു. യഥാർത്ഥ മത്സ്യത്തൊഴിലാളികൾതന്നെ പ്രൈമറി സംഘങ്ങളെ നിയന്ത്രിക്കുന്ന സംവിധാന മുണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുകയാണ്. കേന്ദ്ര ഏജൻസിയിൽനിന്ന് പലിശയ്ക്കെടുക്കുന്ന തുകയാണ് പ്രൈമറി സംഘങ്ങൾ വായ്പയായി കൊടുക്കുന്നത്. പ്രൈമറി സംഘങ്ങൾ സാമ്പത്തിക ബാദ്ധ്യത വരുത്തിയാൽ അവർക്ക് പിന്നീട് സാമ്പത്തിക സഹായം കൊടുക്കാൻ ബുദ്ധിമുട്ടുണ്ടാകും. പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് ദോഷകരമായ ഇൻബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം സമ്പൂർണ്ണമായി നിരോധിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിന് അനുകൂലമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അക്വാക്കൾച്ചർ നടത്തുന്ന എല്ലാ സ്ഥലങ്ങളിലും പത്തു ലക്ഷം രൂപ ചെലവു വരുന്ന ടെസ്റ്റിംഗ് സെന്ററുകൾ സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതിനായി എം.പി.ഇ.ഡി.എ. അഞ്ചു ലക്ഷം രൂപ തരും. സംസ്ഥാന ഗവൺമെന്റ് രണ്ടര ലക്ഷം രൂപ അനുവദിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ കർഷകരോ രണ്ടര ലക്ഷം രൂപ സ്വരൂപിക്കണം. വംശനാശം വന്നുകൊണ്ടിരിക്കുന്ന വരാൽ, കരിമീൻ എന്നിവയുടെ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാനും വിതരണം ചെയ്യാനും വിദേശ ഏജൻസികളുടെ സഹായത്തോടുകൂടിയുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മത്സ്യബന്ധന ബോട്ടുകൾക്കുള്ള മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തിയാൽ അവ പിടിച്ചെടുക്കുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് കോസ്റ്റ്ഗാർഡിന്റെ പ്രവർത്തനം ഫലപ്രദമാക്കിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി വിദേശ ട്രോളറുകൾ ഇൻഡ്യയുടെ സമുദ്രാതിർത്തിക്കുള്ളിൽ കടക്കുന്നില്ലെന്നാണ് അറിയുന്നത്. ഫോറസ്റ്റ്, ഇറിഗേഷൻ, ഇലക്ട്രിസിറ്റി എന്നീ

വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള തടാകങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ മത്സ്യം വളർത്തുന്നതിനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. മത്സ്യ മേഖലയിലെ എം.എൽ.എ.മാർ, എം.പി.മാർ, മറ്റു ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി അവരുടെ അഭിപ്രായം അറിഞ്ഞശേഷം മത്സ്യ പോളിസിക്ക് രൂപം നൽകുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

85 (*291) <u>ആംഗ്ളോ ഇൻഡ്യൻ സമുദായത്തിന്റെ ഉന്നമനം</u>

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ) നൽകിയ മറുപടിയിൽ, ആംഗ്ളോ ഇൻഡ്യൻ സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ പെടുത്തിയിട്ടുണ്ടെന്നും പട്ടികജാതി വികസന വകുപ്പ്, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നിവ മുഖേനയാണ് സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്നും സഭയെ അറിയിച്ചു. ആംഗ്ളോ ഇൻഡ്യൻ സമുദായത്തിന്റെ ഉന്നമനത്തിനായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കാർഷിക വ്യവസായിക സേവന മേഖലയിലുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി
2. വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി
3. വിദ്യാഭ്യാസ വായ്പാ പദ്ധതി
4. വിവാഹ ധനസഹായം
5. കമ്പ്യൂട്ടർ വാങ്ങാനുള്ള ധനസഹായം
6. വിദേശത്ത് ജോലിക്കു പോകുന്നവർക്കുള്ള വായ്പാ പദ്ധതി
7. ഇരു ചക്ര വാഹന വായ്പ
8. സന്നദ്ധ സംഘടനകൾ വഴിയുള്ള ലഘു വായ്പാ പദ്ധതി.

ആംഗ്ളോ ഇൻഡ്യൻ വിഭാഗക്കാരുടെ മക്കളുടെ വിദ്യാഭ്യാസം മുൻനിർത്തിയുള്ള പദ്ധതികളാണ് പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുന്നത്. 20,000 രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് പ്ലസ് ടു-വിലും സമാന കോഴ്സുകളിലും, 25,000 രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക ് ബിരുദ കോഴ്സുകൾക്കും മുഴുവൻ ഫീസാനുകൂല്യവും അനുവദിക്കുന്നു. പ്രൊഫഷണൽ, പി.ജി. തലത്തിൽ പഠിക്കുന്ന ഈ വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികളിൽ 36,000 രൂപവരെ കുടുംബവരുമാനമുള്ളവരുടെ മക്കൾക്ക് ഫീസ് സൗജന്യം, ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും 42,000 രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫീസ് സൗജന്യവും ലംപ്സം ഗ്രാന്റ് മാത്രവും നൽകിവരുന്നു. 1998-ൽ ഇറക്കിയ ഉത്തരവു പ്രകാരം ഒന്നിടവിട്ട വർഷങ്ങളിൽ ആംഗ്ളോ ഇൻഡ്യൻസിനും യഹൂദർക്കും എം.ബി.ബി.എസ്., എൻജിനിയറിംഗ്, ബി.ഡി.എസ്., ബി.എസ്.സി. നഴ്സിംഗ്, ബി.ഫാം., ബി.എസ്.സി.(എം.എൽ.ടി) എന്നീ കോഴ്സുകൾക്ക്

ഓരോ സീറ്റുവീതം സംവരണം ചെയ്തിട്ടുണ്ട്. ഈ സമുദായത്തിൽനിന്നും ആളില്ലാതെ വന്നാൽ ആ ഒഴിവ് ഓപ്പൺ സീറ്റിൽ പോകും. പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷനിൽ ആംഗ്ളോ ഇൻഡ്യൻ–ലത്തീൻ സമുദായങ്ങളെ ക്ലബ് ചെയ്ത് 4% സംവരണം നൽകുന്നുണ്ട്. ഉദ്യോഗ നിയമനത്തിൽ ദളിത് വിഭാഗത്തിലും ക്രീമിലെയറിൽപെടാത്ത പിന്നോക്ക വിഭാഗങ്ങളിലും ഉള്ളവർക്ക് സംവരണം നൽകുന്നുണ്ട്. ആംഗ്ളോ ഇൻഡ്യൻ–ലത്തീൻ സമുദായങ്ങൾക്ക് ഉദ്യോഗ നിയമനത്തിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്നതാണ് ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്നത്. ഇവർക്ക് അർഹമായ പ്രാതിനിധ്യം നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഭരണഘടന അനുശാസിക്കുന്ന പ്രകാരം വിവിധ വിഭാഗങ്ങളുടെ വിശ്വാസവും ആചാരവും സംസ്കാരവും പരിരക്ഷിക്കുന്നതിനുള്ള അവകാശം ആംഗ്ളോ ഇൻഡ്യൻ വിഭാഗത്തിന് ലഭ്യമാകുന്നുണ്ട്. ഡച്ച് പാലസ്, വാസ്കോഡെഗാമയുടെ ശവകുടീരം തുടങ്ങിയ വിദേശ സ്മാരകങ്ങൾ ഇന്നും സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

86 (*292) <u>കായംകുളം താപ വൈദ്യുത നിലയത്തിന്റെ നവീകരണം</u>

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) നൽകിയ മറുപടിയിൽ, കായംകുളം താപവൈദ്യുതി നിലയത്തെ ദ്രവീകൃത പ്രകൃതി വാതകം അടിസ്ഥാനമാക്കിയുള്ള ഒരു സൂപ്പർ താപ വൈദ്യുതി നിലയമാക്കി മാററാനുള്ള ശ്രമം തുടർന്നുവരുന്നുവെന്ന് സഭയെ അറിയിച്ചു. ദ്രവീകൃത പ്രകൃതി വാതകത്തിന്റെ നിരക്കും അത് ഇവിടെ എത്തിക്കുന്നതിനും ബാഷ്പീകരണം നടത്തി ഉപയോഗിക്കുന്നതിനും മറ്റും വേണ്ട ചെലവുകൾ കൃത്യമായി കണക്കാക്കിയതിനുശേഷമെ ദ്രവീകൃത പ്രകൃതി വാതകം ഉപയോഗിക്കുമ്പോൾ വൈദ്യുതിയുടെ ഉൽപാദനച്ചെലവ് കുറവായിരിക്കുമോ എന്ന കാര്യത്തിൽ അഭിപ്രായം പറയാൻ കഴിയുകയുള്ളൂ. കേരളത്തിലെ മുഴുവൻ ചെറുകിട ജലവൈദ്യുത പദ്ധതികളെയും പവർ പർച്ചേസ് എഗ്രിമെന്റിൽ കാപ്റ്റീവായി കൊടുക്കുന്നതിനെ സംബന്ധിച്ച ഒരു സ്കീം ക്യാബിനറ്റിന്റെ പരിഗണനയിലിരിക്കുകയാണ്. എം.ഒ.യു. ഒപ്പുവച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒന്നുരണ്ടു വർഷത്തിനുള്ളിൽ പൂർത്തിയാകുമ്പോൾ കേരളത്തിൽ സർപ്ലസ് എനർജിയുണ്ടാകുമെന്നു ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

87 (*293) <u>പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) നൽകിയ മറുപടിയിൽ, സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിൽ പല ഭാഗത്തായി സ്ഥിതി ചെയ്യുന്ന പുരാതന ചരിത്ര സ്മാരകങ്ങളും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിനായി സർക്കാർ ഒരു ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന് രൂപം നൽകിയിട്ടുണ്ട്. ടി കമ്മീഷൻ നൽകുന്ന നിർദ്ദേശപ്രകാരം

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. സർക്കാരിന്റെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ടും വിനോദസഞ്ചാര വകുപ്പും കേന്ദ്ര സർക്കാരും നൽകുന്ന ഗ്രാന്റുകൊണ്ടും സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പണികൾ ചെയ്തുവരുന്നു. തിരുനായത്തോടു ശിവനാരായണക്ഷേത്രം, തൃക്കൊടിത്താനം മഹാവിഷ്ണു ക്ഷേത്രം, പത്മനാഭപുരം കൊട്ടാരത്തിലെ വലിയ ഊട്ടുപുര, ചന്ദ്രവിലാസം കൊട്ടാരം, ചാത്തന്നൂർ ചേന്നമത്ത് മഹാദേവ ക്ഷേത്രം മുതലായവയുടെ സ്ട്രക്ചറൽ കൺസർവേഷൻ പണികൾ ചെയ്തു തീർക്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം കിഴക്കേക്കോട്ടയുടേയും സമീപ പ്രദേശങ്ങളുടേയും വികസനത്തിനായി ഒരു പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാനുള്ള നടപടിയെടുത്തുവരുന്നു.

## രേഖാമൂലം നല്കിയ ഉത്തരങ്ങൾ

88 (*295) <u>സമ്പാദ്യ സമാശ്വാസ പദ്ധതി</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി നല്കിയ ഉത്തരത്തിൽ, സമ്പാദ്യസമാശ്വാസ പദ്ധതി പ്രകാരം ജൂൺ, ജൂലായ് മാസങ്ങളിൽ കടൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാനായി 4.98 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നറിയിച്ചു.

89 (*298) <u>ഗാർഹിക വൈദ്യുതിചാർജ്ജ്</u>

വിദ്യുച്ഛക്തി വകുപ്പു മന്ത്രി നല്കിയ ഉത്തരത്തിൽ, ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലിലൂടെ എനർജി ചാർജ്, ഇലക്ട്രിസിറ്റി ഡ്യൂട്ടി എന്നിവയാണ് പൊതുവായി ഈടാക്കുന്നതെന്നറിയിച്ചു. കൂടാതെ ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകിയ രീതിയെ അടിസ്ഥാനമാക്കി മീറ്റർ വാടക, ലൈൻ വാടക, സർവീസ് കണക്ഷൻ മിനിമം ഗ്യാരന്റി ചാർജ്, ലൈൻ എക്സ്റ്റൻഷൻ മിനിമം ഗ്യാരന്റി ചാർജ് എന്നിവയും ഈടാക്കുന്നുണ്ട്.

90 (*299) <u>ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്ന പ്രതിഭാസം</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ചിറയിൻകീഴ്, നെടുമങ്ങാട്, നെയ്യാറ്റിൻകര (തിരുവനന്തപുരം ജില്ല), അടൂർ, മല്ലപ്പള്ളി, റാന്നി, തിരുവല്ല (പത്തനംതിട്ട ജില്ല), കാസർകോഡ്, ഹോസ്ദുർഗ് (കാസർകോഡ് ജില്ല) എന്നീ താലൂക്കുകളിൽ ഭൂഗർഭ ജലവിതാനം കുറഞ്ഞിട്ടുള്ളതായി ഹൈഡ്രോളജി പ്രോജക്ടിന്റെ പഠനങ്ങൾ വഴി കണ്ടെത്തിയിട്ടുണ്ടെന്നറിയിച്ചു.

91 (*300) <u>ഡാമുകൾക്കും ജനറേറ്റിംഗ് സ്റ്റേഷനുകൾക്കും സുരക്ഷാ ഏർപ്പാടുകൾ</u>

വിദ്യുച്ഛക്തി വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ ചുമതല ചീഫ് എഞ്ചിനീയർ (ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ്, ഡിസൈൻ ആന്റ്

സേഫ്റ്റി ഓഫ് ഡാംസ്) നെയും ജനറേറ്റിംഗ് സ്റ്റേഷനുകളുടെ സുരക്ഷാ ചുമതല ചീഫ് എഞ്ചിനീയർ ( ജനറേഷൻ) നെയും ഏല്പിച്ചിട്ടുണ്ടെന്നറിയിച്ചു. പ്രധാന ഡാമുകളിലും ജനറേറ്റിംഗ് സ്റ്റേഷനുകളിലും 24 മണിക്കൂറും സുരക്ഷാ ക്രമീകരണങ്ങളുണ്ട്.

92 (*308) <u>മത്സ്യ ബന്ധനത്തിന് നിജപ്പെടുത്തിയിട്ടുള്ള ഏരിയ</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ടെറിട്ടോറിയൽ (12 നോട്ടിക്കൽ മൈൽ 22 കി.മീ.) അതിർത്തിക്കുള്ളിൽ കടൽ മത്സ്യബന്ധനത്തിന് കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം, 1980 പ്രകാരമുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നറിയിച്ചു. പ്രസ്തുത നിയമമനുസരിച്ച് കൊല്ലങ്കോട് മുതൽ പരവൂർ പൊഴിക്കരവരെയുള്ള 78 കി.മീ. നീളത്തിലുള്ള തീരക്കടലിൽ 30 മീറ്റർ ആഴം വരെയുള്ള ഭാഗത്തും പരവൂർ പൊഴിക്കര മുതൽ മഞ്ചേശ്വരം വരെയുള്ള 512 കി.മീ. നീളത്തിലുള്ള തീരക്കടലിൽ 20 മീറ്റർ ആഴം വരെയുള്ള ഭാഗത്തും യന്ത്രവൽകൃത മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. യന്ത്രം ഘടിപ്പിച്ച വള്ളങ്ങൾക്ക് ഈ നിയന്ത്രണം ബാധകമല്ല. സംസ്ഥാനത്തെ മുഴുവൻ ടെറിട്ടോറിയൽ പ്രദേശത്തും പഴ്സീൻ, റിംഗ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ എന്നീ മത്സ്യബന്ധന രീതികളും 35 എം.എം. സൈസിൽ താഴെ കണ്ണി വലിപ്പമുള്ള ട്രോൾനെറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. നിരോധിത വലകൾ ഉപയോഗിക്കാത്ത യന്ത്രം ഘടിപ്പിച്ചതും അല്ലാത്തതുമായ നാടൻ വള്ളങ്ങൾക്ക് മത്സ്യബന്ധനത്തിന് പരിധിയില്ല.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

113 (1752) <u>നഗരപ്രദേശങ്ങളിലെ വൈദ്യുതി വിതരണം</u>

കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം നഗരപ്രദേശങ്ങളിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതിവിതരണം, ആധുനിക രീതിയിലുള്ള ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷനുകൾ, കൂടുതൽ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ, ഓട്ടോമാറ്റിക് സംവിധാനമുള്ള റിംഗ് മെയിൻ യൂണിറ്റുകൾ, തിരുവനന്തപുരം നഗരത്തിൽ കമ്പ്യൂട്ടർ സംവിധാനത്തിലുള്ള ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ സിസ്റ്റം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കിവരുന്നു.

114 ( 1757) <u>പവർ ഫിനാൻസ് കോർപ്പറേഷന്റെ സഹായധനം</u>

പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിക്ക് 9 കോടി രൂപയും പെരിങ്ങൽകുത്ത് ഇടതുകര കനാൽ പദ്ധതിക്ക് 2.60 കോടി രൂപയും ധനസഹായം ലഭിച്ചിട്ടുണ്ട്.

115 ( 1758) <u>വൈദ്യുതി വാങ്ങിയ വകയിലുള്ള കുടിശ്ശിക</u>

എൻ.ടി.പി.സി. യുടെ രാമഗുണ്ടം താപ വൈദ്യുത നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിൽ 181.30 കോടി രൂപയും കിഴക്കൻ മേഖലയിൽ നിന്നും വാങ്ങിയതുവഴി 30.13 കോടി രൂപയും ഉൾപ്പെടെ 211.43 കോടി രൂപ (25.6.2002 വരെ) യും കായംകുളം താപ വൈദ്യുത നിലയത്തിൽ നിന്നും വാങ്ങിയ വകയിൽ 1117.41 കോടി രൂപയും കുടിശ്ശികയുണ്ട്. വില കൂടിയ താപ വൈദ്യുതിയും ഡെഡ് സർവ്വീസ്സിന് പ്രതിമാസം 120 കോടി രൂപയും ചെലവഴിക്കുന്നതുകൊണ്ടാണ് കുടിശ്ശിക വർദ്ധിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കായംകുളം താപ വൈദ്യുത നിലയത്തിൽനിന്നും വൈദ്യുതി വാങ്ങിയ വകയിൽ 563.92 കോടി രൂപ (31.5.2001 വരെ) കുടിശ്ശികയുണ്ടായിരുന്നു.

116 ( 1763) <u>പുറമെ നിന്നും വാങ്ങുന്ന വൈദ്യുതി</u>

കേരളത്തിനു പുറമെ നിന്ന് എൻ.ടി.പി.സി. യുടെ രാമഗുണ്ടം സൂപ്പർ തെർമൽ പവർ സ്റ്റേഷൻ, നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ, ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ കൈഗായിലെ അറ്റോമിക് ജനറേറ്റിംഗ് സ്റ്റേഷൻ, മദ്രാസിലെ അറ്റോമിക് പവർസ്റ്റേഷൻ, പശ്ചിമ മേഖലയിലെ സർപ്ലസ് പവർ, പൂർവ മേഖലയിലെ എൻ.ടി.പി.സി. സ്റ്റേഷനിൽ നിന്നുള്ള വിഹിതം തുടങ്ങിയവയിൽ നിന്നും എൻ.ടി.പി.സി.യുടെ കായംകുളം സ്റ്റേഷനിൽ നിന്നും ബി.എസ്.ഇ.എസ്, കെ.പി.സി.എൽ. എന്നീ സ്വകാര്യ കമ്പനികളിൽനിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തെ താപ–ജല–വൈദ്യുത നിലയങ്ങളിൽനിന്നും യൂണിറ്റിന് 234 പൈസ ശരാശരി നിരക്കിലാണ് വൈദ്യുതി വിൽക്കുന്നത്.

117 (1805) <u>ജല അതോറിറ്റിക്ക് നൽകിയ വായ്പ</u>

കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 60.75 കോടി രൂപ കേരള ജല അതോറിറ്റിക്ക് സർക്കാർ വായ്പയായി നൽകിയിട്ടുണ്ട്.

118 (1843) <u>മത്സ്യഫെഡ്ഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫിഷ്സ്റ്റാളുകൾ</u>

മത്സ്യഫെഡ്ഡിന്റെ കീഴിൽ 73 ഫിഷ്സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ട്.

119 (1849) <u>ടൂറിസം മുഖേനയുള്ള വരുമാനം</u>

സംസ്ഥാനത്തിന് ടൂറിസം മുഖേന 1997 മുതൽ 2001 വരെ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു:

| വർഷം | തുക (രൂപ കോടിയിൽ) |
|---|---|
| 1997 | 273.2 |
| 1998 | 302.08 |
| 1999 | 416.07 |
| 2000 | 525.3 |
| 2001 | 535.00 |

120 (1852) <u>തീരദേശ ടൂറിസത്തിന് ചെലവഴിച്ച തുക</u>

തീരദേശ ടൂറിസത്തിനായി 1999–2000–ൽ 49,09,402 രൂപയും 2000–2001–ൽ 30,13,683 രൂപയും 2001–2002–ൽ 38,37,371 രൂപയും ചെലവഴിച്ചിട്ടുണ്ട്.

121 (1868) <u>പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായി ചെലവഴിച്ച തുക</u>

2001–2002–ൽ പട്ടിജാതി വികസനത്തിനായി 8944.49 ലക്ഷം രൂപയും പട്ടിക വർഗ്ഗ വികസനത്തിനായി 6875.25 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

122 (1875) <u>ആദിവാസി ക്ഷേമപദ്ധതികൾ</u>

ദേശീയ പട്ടികവർഗ്ഗ കലാ വ്യാപാരമേള, വിവര സാങ്കേതിക വിദ്യയിൽ പരിശീലനം, പട്ടികവർഗ്ഗ വനിതകൾക്കായി കുടുംബശ്രീ പദ്ധതി, പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി, ഊരുകൂട്ടങ്ങളുടെ രൂപീകരണം, സന്നദ്ധസംഘടനകൾക്ക് ധനസഹായം, ധാന്യ ബാങ്കുകൾ, ഭൂരഹിതരുടെ പുനരധിവാസം, സി.ബി.എസ്.ഇ. സിലബസ് അനുസരിച്ച് എം.ആർ.എസ്. എന്നിവയാണ് ആദിവാസികളുടെ ക്ഷേമത്തിനായി ഇപ്പോൾ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ. ഈ പദ്ധതികൾക്കായി ഇതിനകം 109.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

. . . . . . . . . . . .